(ഡി) ഇതുസംബന്ധിച്ച് ശ്രീ. എ. അലിഹസ്സൻ എം.എൽ.എ.യുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ട്. പുനഃസംഘടന സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ ഇക്കാര്യവും പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

62 (564) കൈവശരേഖ നല്കാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ തിരുവാലി പഞ്ചായത്തിലെ നടുവത്ത് എ.കെ.ജി. കോളനിയിലെ താമസക്കാർക്ക് ഭൂമി കൈവശരേഖ നൽകാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ 15 വർഷത്തിലധികമായി താമസിക്കുന്ന ഇവർക്ക് അടിയന്തിരമായി കൈവശരേഖ നല്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഭൂമിക്ക് കൈവശരേഖ ഇല്ലാത്തതുകൊണ്ട് സർക്കാരിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ)-(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ കൈവശക്കാർക്ക് ഭൂമി പതിച്ചു നല്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതിന് സാദ്ധ്യമാവുകയുള്ളു. ഇപ്രകാരമുള്ള വ്യവസ്ഥകളും കൈവശത്തിന്റെ സ്വഭാവവും മറ്റു ഘടകങ്ങളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന നടപടികൾ ലാന്റ് ബോർഡ് പരിശോധിച്ചു വരികയാണ്.

63 (565) മിച്ചഭൂമി വിതരണം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഇല്ലാത്ത കുടുംബങ്ങൾ എത്ര; ഇവർക്ക് ഭൂമി നല്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തുള്ള മിച്ചഭൂമി മുഴുവൻ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) വിതരണം ചെയ്യുന്നതിനായി സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമി എത്ര; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) റവന്യൂ-ഫോറസ്റ്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുള്ള ഭൂമി എത്ര; ഈ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂമി ഇല്ലാത്ത കുടുംബങ്ങളുടെ കണക്ക് എടുത്തിട്ടില്ല. ഭൂപരിഷ്കരണനിയമം അനുസരിച്ച് ഭൂരഹിത കർഷക തൊഴിലാളികൾക്കാണ് ഭൂമി പതിച്ച് നല്കുന്നത്. ഇതിൻ പ്രകാരം ഏറ്റെടുത്ത മിച്ചഭൂമി പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് (പൊതു ആവശ്യത്തിന് നീക്കി വച്ചതിനു ശേഷം) വിതരണയോഗ്യമായ ഭൂമി അർഹരായവർക്ക് പതിച്ച് നല്കുന്നതിന് വേണ്ട നടപടികൾ ഇപ്പോൾ തന്നെ സംസ്ഥാനത്ത് നടന്നു വരുന്നു.

(ബി) വിതരണത്തിന് ലഭ്യമായ മുഴുവൻ മിച്ചഭൂമിയും (പൊതു ആവശ്യത്തിന് നീക്കിവച്ചതൊഴികെ)ഒരു സമയ ബന്ധിത പരിപാടിയിലൂടെ അർഹരായ കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതാണ്. കൂടാതെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരുടെയും പ്രവർത്തനം വിലയിരുത്തുന്നതിലേക്ക് ലാന്റ് ബോർഡ് പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെ യോഗം കൂടെ കൂടെ വിളിക്കുന്നുണ്ട്.

(സി) ഇപ്പോൾ വിതരണത്തിന് ലഭ്യമായ മിച്ചഭൂമി 780 ഏക്കറാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) റവന്യൂ ഫോറസ്റ്റ് വെരിഫിക്കേഷൻ നടന്നു വരുന്നതേയുള്ളു. പൂർത്തിയായാലുടൻ അങ്ങനെ ഏറ്റെടുക്കുന്ന മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുന്നതാണ്.

64 (566) ഭൂമി പതിച്ചു നൽകാൻ നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ഭീമനടി വില്ലേജിൽ മേലടുക്കം കോളനിയിൽ കൈവശക്കാർക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

പ്രസ്തുത ഭൂമിയിലെ ഇപ്പോഴത്തെ കൈവശക്കാർ അനധികൃത കൈയേറ്റം നടത്തി താമസിച്ചു വരുന്നവരാണ്. ഇവരിൽ ഭൂപരിഷ്കരണ നിയമ പ്രകാരം അർഹരായ വ്യക്തികൾക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികൃതർ നടപടി കൈക്കൊണ്ടിട്ടുണ്ട്.

65 (567) റവന്യൂ ഭൂമി കൈയേറ്റം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പാറയുടെ ചുറ്റുമുള്ള റവന്യൂ ഭൂമി അനധികൃതമായി കയ്യേറിയവരെ ഒഴിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് കയ്യേറിയവരിൽ നിന്നും ഒഴിപ്പിച്ചിട്ടുള്ളത്;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VI

25-6-99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 56 (558) കാണുക

അനുബന്ധം

പുറമ്പോക്ക് ഭൂമിക്ക്, പട്ടയം/കൈവശരേഖ നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്

ജില്ല	പട്ടയം നൽകിയത്	കൈവശരേഖ നൽകിയത്
തിരുവനന്തപുരം	14513	15
കൊല്ലം	3598	466
പത്തനംതിട്ട	995	322
ആലപ്പുഴ	3180	65
ഇടുക്കി	2112	122
കോട്ടയം	4176	1351
എറണാകുളം	2181	72
തൃശൂർ	4420	1127
പാലക്കാട്	6369	1351
കോഴിക്കോട്	11596	95
മലപ്പുറം	5694	90
വയനാട്	666	603
കാസർഗോഡ്	5042	198
കണ്ണൂർ	7357	9357
	71,899	15,234

അനുബന്ധം-VII

25-6-99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 63 (565) കാണുക

അനുബന്ധം

ജില്ല തിരിച്ചുള്ള കണക്ക്

കാസർഗോഡ്	84 ഏക്കർ
കണ്ണൂർ	120 ഏക്കർ
വയനാട്	44 ഏക്കർ
കോഴിക്കോട്	94 ഏക്കർ
മലപ്പുറം	26 ഏക്കർ
പാലക്കാട്	304 ഏക്കർ
തൃശൂർ	24 ഏക്കർ
എറണാകുളം	5 ഏക്കർ
കോട്ടയം	--
ഇടുക്കി	53 ഏക്കർ
ആലപ്പുഴ	16 ഏക്കർ
പത്തനംതിട്ട	--
കൊല്ലം	6 ഏക്കർ
തിരുവനന്തപുരം	4 ഏക്കർ
ആകെ	780 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly